## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം.നം. 50 27.06.2011 ൽ മറുപടി നൽകേണ്ടത്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം

| ചോദ്യം<br>ശ്രീ.പി.സി.വിഷ്ണുനാഥ് എം.എൽ.എ. | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|
| (എ) ചെങ്ങന്നൂർ താലൂക്കിൽ പുലിയൂർ പഞ്ചായത്തിൽ തോനക്കാട് മനേഷ് മോഹൻ മാളേക്കൽ ചിറയിൽ മുങ്ങി മരിച്ചതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായത്തിനായി അപേക്ഷ നൽകിയിരുന്നുവോ; | (എ) പരേതന്റെ അമ്മ അമ്മിണി.എം.പിള്ള അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് ചെങ്ങന്നൂർ താലൂക്ക് ഓഫീസിൽ നിന്നും 22.12.2010 ലെ സി1/12157/2010/കെ.ഡി. നമ്പർ പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർക്ക് അയച്ച റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ; | (ബി) ആലപ്പുഴ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സമാശ്വാസ ധനസഹായമായി 1.3.2011 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 1789/2011/റവന്യൂ മുഖേന 10,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) സഹായം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) ഫണ്ടിന്റെ അഭാവംമൂലം അനുവദിച്ച ധനസഹായം ഇതുവരെ വിതരണം ചെയ്തിട്ടില്ല..ഫണ്ട് ലഭ്യമാക്കി താമസംവിനാ വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ